കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഏറ്റുമാനൂർ നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നതിന് സർക്കാർ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3008/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 27.11.2018.

---

പരാമർശം :- 1 . 29.07.2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147/2009/ത.സ്വ.ഭ.വ

2. നഗരകാര്യ ഡയറക്ടറുടെ 05/10/2018 ലെ ഡി.സി3/21331/2018 നം. കത്ത്

**ഉത്തരവ്**

ഏറ്റുമാനൂർ നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന് 15 കോടി രൂപ (പതിനഞ്ച് കോടി രൂപ മാത്രം) 10% പലിശ നിരക്കിൽ, കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) അനുസരിച്ച് വായ്പ എടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഏറ്റുമാനൂർ നഗരസഭയുടെ അപേക്ഷ പരാമർശം (2) പ്രകാരം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി നഗരകാര്യ ഡയറക്ടർ ശുപാർശയോടെ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ ഏറ്റുമാനൂർ നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 10% പലിശ നിരക്കിൽ 15 കോടി രൂപ (പതിനഞ്ച് കോടി രൂപ മാത്രം) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ഏറ്റുമാനൂർ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരസഭ ചെയർമാൻ ഏറ്റുമാനൂർ നഗരസഭ
നഗരസഭ സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ്, ഡിബി2/341/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ